**രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)**

നം.കെ.എസ്.എ-ഐ.ഡി.കെ- 14/262/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ,തീയതി: 25.05.2020
ഇ-മെയിൽ : doidk.ksad@kerala.gov.in
ഫോൺ നം. 04862 227332

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

മറയൂർ ഗ്രാമപഞ്ചായത്ത്

സർ

വിഷയം:-**മറയൂർ ഗ്രാമപഞ്ചായത്ത് - 2018-19** സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

**********************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 - ലെ എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ.**

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി, തൊടുപുഴ
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-14/262/2020 തീയതി: 25.5.2020

## ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215 (4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

*************************

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.01.2019 മുതൽ 08.03.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ** | ശ്രീമതി. ബേബി സന്ധ്യജ ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 09.03.2020 മുതൽ 13.03.2020വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര്** | **ഉദ്യോഗപ്പേര്** |
| ശ്രീമതി.സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സോമൻ എം.റ്റി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഇ. വി. ജിബി | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജോസഫ് ചാക്കോ | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീ. അനീറ്റ പി.സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| സുനിത ബാബു ബി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.മായാ കൃഷ്ണൻ | ഓഡിറ്റർ |

**ബി) നിർവ്വഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജോമോൻ തോമസ് | 01.04.2018മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. പി. വിജയകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസി. സെക്രട്ടറി | ശ്രീ. പി.ജബ് രാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എൻജിനിയർ | ശ്രീ.സനക്കുട്ടൻ.ടി.എ | 01.04.2018 മുതൽ 27.06.2018 വരെ |
| | സൂരജ് വി.എസ് | 28.06.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഗോവിന്ദ് രാജ് | 01.04.2018 |
| | ശ്രീ.അനിൽ മാത്യു | 02.04.2018 മുതൽ 12.08.2018 വരെ |
| | ശ്രീമതി.പ്രിയ പീറ്റർ | 13.08.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രേം കൃഷ്ണൻ | 01.04.2018 മുതൽ 05.05.2018 വരെ |
| | ഡോ.ദിവ്യ മോൾ തോമസ് | 06.05.2018 മുതൽ 04.06.2018 വരെ |
| | ഡോ.ആർ.രാമസ്വാമി | 05.06.2018 മുതൽ 16.09.2018 |

| | | |
|---|---|---|
| | | വരെ |
| | ഡോ.ശ്യാം ചന്ദ്രൻ | 17.09.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)** | ഡോ. സാം സാവിയോ | 01.04.2018മുതൽ 03.07.2018 വരെ |
| | ഡോ.കൃഷ്ണകുമാർ എം.പി | 04.07.2018 മുതൽ 12.03.2019 വരെ |
| | ഡോ.പീറ്റർ ജോസഫ് | 13.03.2019 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവേദം)** | ഡോ. അനീഷ് വി.ശർമ | 01.04.2018മുതൽ 10.10.2018 വരെ |
| | ഡോ.രഞ്ജിനി മാത്യു | 11.10.2018മുതൽ 31.03.2019 വരെ |
| **വി.ഇ.ഒ** | ശ്രീ.സാബു സെൽവാനോസ് (മറയൂർ സർക്കിൾ & ബാബു നഗർ സർക്കിൾ) | 01.04.2018മുതൽ 20.04.2018 വരെ |
| | ശ്രീ.മെൽബി അഗസ്റ്റിൻ (മറയൂർ സർക്കിൾ ) | 21.04.2018മുതൽ 16.01.2019വരെ & 14.03.2019മുതൽ 31.03.2019വരെ |
| | ശ്രീ.സുനിൽ കുമാർ എ (മറയൂർ സർക്കിൾ) | 17.01.2019മുതൽ 13.03.2019വരെ |
| | ശ്രീ.മെൽബി അഗസ്റ്റിൻ (ബാബു നഗർ സർക്കിൾ) | 21.04.2018 മുതൽ 17.07.2018 വരെ |
| | രാജേഷ് കുമാർ കെ.യു.,(ബാബു നഗർ സർക്കിൾ) | 18.07.2018മുതൽ 16.01.2019വരെ |

| | | |
|---|---|---|
| | ശ്രീ.സുനിൽ കുമാർ എ<br>(ബാബു നഗർ സർക്കിൾ) | 17.01.2019മുതൽ<br>31.031.2019വരെ |
| | ശ്രീ.മെൽബി അഗസ്റ്റിൻ | 14.03.2019മുതൽ<br>31.03.2019വരെ |
| **ഐസിഡിഎസ് സൂപ്പർവൈസർ** | ശ്രീമതി. അന്നമ്മ കെ.സി | 01.04.2018 മുതൽ 09.07.2018 വരെ |
| | ശ്രീമതി.രമ്യ കെ.എസ് | 10.07.2018 മുതൽ<br>10.09.2018വരെ |
| | ശ്രീമതി.ഷെഫിന പി.എം | 11.09.2018 മുതൽ<br>31.03.2019വരെ |
| **ഹെഡ് മാസ്റ്റർ** | ശ്രീ. രാജ് എസ്.റ്റി. | 01.04.2018 മുതൽ 31.03.2019 വരെ |
| **ക്ഷീര വികസന ഒഫീസർ** | ശ്രീമതി.ശ്രീലത വി.സി | 01.04.2018മുതൽ<br>31.03.2019വരെ |

**ഉള്ളടക്കം**



| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |

| | | |
|---|---|---|
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം... |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല |
| 13 | 1-13 | ക്രഡിറ്റ് ചെയ്യാത്ത തുക വരവിലെടുത്തത് |
| 14 | 1-14 | ലേലം - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. |
| 15 | 1-15 | ഓഫീസിൽ ഹാജരാകാത്ത ദിവസം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചിട്ടില്ല |
| 16 | 1-16 | വിവിധ വകുപ്പുകളിൽനിന്ന് ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് |
| 17 | 1-17 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ - മുതൽക്കൂട്ടിയില്ല |
| 18 | 1-18 | വാഹന വാടക - സർക്കാർ പരിധിയിലും അധികം ചെലവഴിച്ചു |
| 19 | 1-19 | ഫയൽ ഹാജരാക്കാത്തത് |

| | | |
|---|---|---|
| | | |
| 20 | 1-20 | ആശ്രയ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്. |
| 21 | 1-21 | ജവഹർ ഭവനപദ്ധതി-പണി പൂർത്തികരിച്ചിട്ടില്ല |
| 22 | 1-22 | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കണക്ക സൂക്ഷിപ്പിലെ അപാകത |
| 23 | 1-23 | ലൈഫ് ഭവന പദ്ധതി-അവലോകനം 2018-19 |
| 24 | 1-24 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 25 | 1-25 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല |
| 26 | 1-26 | എസ്.എസ്.എ. വിഹിതം - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. |
| 27 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 28 | 4-2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 31 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 32 | 4-6 | സ്ഥിര നിക്ഷേപം |

| | | |
|---|---|---|
| 33 | 4-7 | ഓഡിറ്റ് റിക്കവറി |
| 34 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 35 | 4-9 | ചാർജ് / സർച്ചാർജ് നടപടികളുടെ വിവരം |
| 36 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 38 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

09.03.2018 തീയതിയിലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 16.05.2019 | | |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9156589 |
| വരവ് | 129557423 |
| ആകെ | 138714012 |
| ചെലവ് | 116095468 |
| നീക്കിയിരിപ്പ് | 22618544 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18298064 | 18298064 | 15152424 | 3145640 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10154000 | 10154000 | 8290093 | 1863907 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 7632000 | 7632000 | 7448000 | 184000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8700000 | 8700000 | 4750444 | 3949556 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7918000 | 7918000 | 4958699 | 2959301 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3596000 | 3596000 | 3543380 | 52620 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് - തൊഴിലാളികളുടെ കൂലി | 0 | 47096106 | 47096106 | 47096106 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1911 | 688535 | 690446 | 641406 | 49040 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | |
| ഐ.സി.ഡി.എസ്. | 547171 | 204234 | 751405 | 547171 | 204234 |
| ടോട്ടൽ സാനിറ്റേഷൻ | 35750 | 1200000 | 1235750 | 0 | 1235750 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 0 | 175000 | 175000 | 20730 | 154270 |
| പട്ടികവർഗ വികസന വകുപ്പ് (കോർപ്പസ് ഫണ്ട്) | 14900000 | 0 | 14900000 | 860959 | 14039041 |
| സ്പെഷ്യൽ പർപ്പസ് ഗ്രാന്റ് - (അക്കൗണ്ട് ഹെഡ് 320200307) | 0 | 78243 | 78243 | 0 | 78243 |
| ശുചിത്വ മിഷൻ | 0 | 449752 | 449752 | 0 | 449752 |
| ജലനിധി | 1228022 | 3556350 | 4784372 | 0 | 4784372 |
| സ്പെഷ്യൽ പർപ്പസ് ഗ്രാന്റ് - (വിമുക്തി-₹25000/-+ മറ്റുള്ളവ) (അക്കൗണ്ട് ഹെഡ് 320300199) | 1302038 | 25000 | 1327038 | 0 | 1327038 |
| കേരളോൽസവം | 0 | 20000 | 20000 | 20000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ജില്ലാപഞ്ചായത്ത് | 0 | 14725418 | 14725418 | 13824780 | 900638 |

| | | | | | |
|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ബ്ലോക്ക് പഞ്ചായത്ത് | 100000 | 14043180 | 14143180 | 10297861 | 3845319 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 4198754 | 4198754 | 4198754 | 0 |
| തനത് ഫണ്ട് - ട്രഷറി | -13191061 | 28943598 | 15752537 | 18884083 | -3131546 |
| തനത് ഫണ്ട് - ബാങ്ക് അക്കൗണ്ട് | 2405852 | 64833946 | 7785432 | 8148573 | -363141 |
| പ്രളയ ദുരിതാശ്വാസം സംഭാവന | 0 | 422544 | 422544 | 370876 | 51668 |
| എസ്.ബി.റ്റി-പ്ലാൻ | 339596 | 12043 | 351639 | 0 | 351639 |
| ലോൺ അക്കൗണ്ട് | 50000 | | 50000 | 0 | 50000 |
| ഹൗസിംഗ് സ്കീം | 0 | 34160 | 34160 | 0 | 34160 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 44444638 | 105 | 15142294 | 0 | 53 | 66.45 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1.സെക്രട്ടറി | 38 | 30 | 17966928 | 78.94 |
| 2.അസി.എൻജി | 91 | 49 | 53663533 | 53.84 |
| 3.വെറ്ററിനറി സർജൻ | 5 | 5 | 2773800 | 100 |
| 4.കൃഷി ഓഫീസർ | 2 | 2 | 632475 | 100 |
| 5. ഐ സി ഡി എസ് | 7 | 6 | 3889689 | 85.71 |
| 6. എം.ഒ സിഎച്ച് സി | 1 | 1 | 663494 | 100 |
| 7. വി.ഇ.ഒ | 3 | 3 | 34049441 | 100 |
| 8.എം.ഒ ആയുർവ്വേദം | 1 | 1 | 300000 | 100 |
| 9.ഹെഡ്മാസ്റ്റർ | 1 | 1 | 293202 | 100 |
| 10.ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 100 |
| 11.അസി.സെക്രട്ടറി | 8 | 6 | 96582823 | 75 |

| ആകെ | 158 | 105 | 68805827 | 66.45 |
|---|---|---|---|---|

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി. എൻ.ആർ. ഇ.ജി.എസ് - തൊഴിലാളികളുടെ കൂലി | 0 | 47096106 | 47096106 | 47096106 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1911 | 688535 | 641406 | 641406 | 49040 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1200 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 271200 | 24 |
| വിധവാപെൻഷൻ | 5302600 | 405 |
| വാർദ്ധക്യകാലപെൻഷൻ | 19779600 | 1423 |
| വികലാംഗപെൻഷൻ | 1352200 | 97 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2020ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 38810/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റം-അപാകതകളോടുകൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. തൻപതിവേട് യഥാവിധി പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ

അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.അഡ്വാൻസ് രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ,ആസ്തി രജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല്.

നിർവ്വഹണ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുന്നില്ല.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് തടസങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ഈ വർക്കിംങ് ഗ്രൂപ്പുകൾ ചേർന്നിട്ടുള്ളത്. മിനിട്സ് ബുക്കിൽ ഹാജർ രേഖപ്പെടുത്തുന്നതല്ലാതെ മറ്റ് തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം ജനകീയാസൂത്രണത്തിന്റെ വിജയകരമായ നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം...

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.11.2018 & 17.11.2018 | 10/2018 | 17.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 മുതൽ 12.02.2016 വരെ | 2014-15 | 28.07.2016 |

### 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക കണക്കുകളിലെ വിവിധ നികുതി-നികുതിയേതര വരവുകളുടെ ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ വാർഷിക കണക്കുകളും അതത് വരവുകളുടെ രജിസ്റ്ററുകളുമായി ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്കുകൾ പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|

| | ഡിമാന്റ് | കളക്ഷൻ (അഡ്വാൻസ് ഉൾപ്പെടെ) | ബാലൻസ് | ഡിമാന്റ് | കളക്ഷൻ (അഡ്വാൻസ് ഉൾപ്പെടെ) | ബാലൻസ് |
|---|---|---|---|---|---|---|
| വസ്തുനികുതി (തൻവർഷം) | 2233048 | 1775963 | 294507 | 2233228 | 2199980 | 269472 |
| വസ്തുനികുതി (കുടിശ്ശിക) | 798052 | 241642 | 556410 | 766805 | 392591 | 524150 |
| തൊഴിൽനികുതി (സ്ഥാപനങ്ങൾ) | 406200 | 406200 | 0 | ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല | | |
| തൊഴിൽനികുതി (ജീവനക്കാർ) | 1093390 | 1081040 | 12350 | ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല | | |
| ലൈസൻസ് | 140500 | 136500 | 0 | | | 0 |
| കംഫർട്ട് സ്റ്റേഷൻ | 180300 | 130300 | - | ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല | | |

2. വാർഷിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം ₹9675143/-യുടെ ആസ്തി സൃഷ്ടിച്ചിട്ടുള്ളത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. 2018-19 സാമ്പത്തിക വർഷം വിവിധ ആസ്തികൾക്ക് തേയ്മാനമായി ₹7508927/- രേഖപ്പെടുത്തി യിട്ടുള്ളത് അക്കൗണ്ട്സ് മാന്വൽ പ്രകാരമല്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർപ്രകാരം മുന്നിരിപ്പ് ₹1088598/-യും നീക്കിയിരിപ്പ് ₹1358136/-യുമാണ്.

എന്നാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് ₹1113293/- നീക്കിയിരിപ്പ് ₹1456806/- യുമാണ്.

5. ലോൺ രജിസ്റ്റർ പരിശോധിച്ചിട്ടില്ലാത്തതിനാൽ 2018-19ൽ ലൈഫ് പദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്നും എടുത്ത ₹18314370/-യുടെ വിനിയോഗം സംബന്ധിച്ച് വ്യക്തതയില്ല. ജവഹർ ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ ബി-5 ഷെഡ്യൂളിൽ നൽകിയിരിക്കുന്ന ₹7524400/-യുടെ കൃത്യത വ്യക്തമല്ല.

6. മുൻകൂർ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ കൊടുത്തിരിക്കുന്ന ₹4476598/-യുടെ കൃത്യത വ്യക്തമല്ല.

7. ബാലൻസ് ഷീറ്റിൽ (B-4) ജലനിധിയിനത്തിൽ ₹4784372/- നീക്കിയിരിപ്പുണ്ട്. എന്നാൽ ജലനിധിയ്ക്കുവേണ്ടിയുള്ള

ബാങ്ക് അക്കൗണ്ടിൽ(40b) ₹3302969/- മാത്രമാണുള്ളത്.₹1481403/- കുറവ് വന്നതിന് കാരണം വ്യക്തമല്ല.

8.31.03.2019-ൽ ലഭിച്ച 000990 നമ്പർ ചെക്ക് പ്രകാരം ലഭിച്ച തുക നാളിതുവരെ വരവ് വച്ചിട്ടില്ലെങ്കിലും ₹101178/-വാടകയിനത്തിൽ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല

രജിസ്റ്റർ പ്രകാരം, 2018-19 സാമ്പത്തിക വർഷം 186 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിലെ കെട്ടിടനികുതി നിർണയ രേഖകൾ പ്രകാരം വാണിജ്യാവശ്യത്തിനായി 377 കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട്. റിസോർട്ട് നടത്തിപ്പിനായി 10 കെട്ടിടങ്ങൾക്കും ഹോസ്റ്റൽ, ഹോംസ്റ്റേ തുടങ്ങിയ ആവശ്യങ്ങൾക്കായി 56 കെട്ടിടങ്ങൾക്കും നമ്പർ നൽകിയിട്ടുണ്ട്.എന്നാൽ ഈ കെട്ടിടങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നോട്ടീസ് നൽകുന്നതിനും ലൈസൻസ് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-13 ക്രഡിറ്റ് ചെയ്യാത്ത തുക വരവിലെടുത്തത്

ചെക്ക്&സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറി മാസ വാടകയ്ക്ക് എടുത്ത അഗ്രിക്കൾച്ചർ പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ്, മറയൂർ എന്ന സ്ഥാപനം 31.03.2019-ലെ 000990 നമ്പർ എസ്.ബി.ഐ.ചെക്ക് പ്രകാരം 2018-19ലെ വാടക(പിഴപലിശ ഉൾപ്പെടെ) ₹101178/- നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് 118050500034/ 31.03.2019 നമ്പർ രസീതും നൽകിയിട്ടുണ്ട്. 31.03.2019ൽ പഞ്ചായത്തിൽ ലഭിച്ച ചെക്ക് 28.06.2019-ൽ മാത്രമാണ് തനത് ഫണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യുന്നതിനായി ബാങ്കിൽ സമർപ്പിച്ചത്. എന്നാൽ നാളിതുവരെ ടി തുക അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.9-ന് നൽകിയ മറുപടിയിൽ ബാങ്കിൽ നേരിട്ട് അന്വേഷണം നടത്തിയപ്പോൾ ചെക്ക് കാലഹരണപ്പെട്ടിട്ടുള്ളതിനാൽ ആയത് പഞ്ചായത്തിന് മടക്കി നൽകിയിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത ചെക്ക് പഞ്ചായത്തിൽ ലഭ്യമായിട്ടില്ല എന്നുമാണ് അറിയിച്ചത്.

ചെക്ക് കാലഹരണപ്പെട്ട വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ പുതുക്കിയ ചെക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വാടക രജിസ്റ്ററിൽ ടി ചെക്ക് പ്രകാരം തുക ഒടുക്കിയതായി രേഖപ്പെടുത്തി പഞ്ചായത്തിന് ലഭ്യമാക്കാത്ത ₹101178/- വാർഷിക കണക്കിൽ വരവിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ചെക്ക് യഥാസമയം കളക്ഷന് നൽകാതിരുന്നതിനും കളക്ഷന് നൽകിയിട്ട് പണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ, ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പെരുമാറ്റം മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. മാസാമാസം അക്കൗണ്ടുകളുടെ റീ കൺസിലിയേഷൻ നടത്തിയിരുന്നെങ്കിൽ ടി അപാകത കണ്ടെത്തുവാൻ സാധിക്കുമായിരുന്നു. ഭരണവകുപ്പ് ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തി

തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-14 ലേലം - കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകിയ ഇനത്തിൽ ₹31500/- ഈടാക്കാൻ അവശേഷിക്കുന്നു. ലേല രജിസ്റ്റർ , ലേല ഡയറി എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ലേല രജിസ്റ്റർ, ലേല ഡയറി എന്നിവ ഹാജരാക്കുന്നതിനും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും മറുപടി ലഭ്യമാക്കിയില്ല. ലേലവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും കുടിശ്ശിക തുകകൾ യഥാസമയം ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. തനതു വരുമാന ഇനത്തിൽ ലഭ്യമാകേണ്ട തുകകൾ നഷ്ടപ്പെടാതെ വാടക തുക പൂർണ്ണമായും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-15 ഓഫീസിൽ ഹാജരാകാത്ത ദിവസം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ഏതാനും ജീവനക്കാർ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുക്കുന്ന തീയതികളിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

| ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | ഒപ്പ് രേഖപ്പെടുത്താത്ത ദിവസം | റിമാർക്സ് |
|---|---|---|---|
| വി.യൂജിൻ | സീനിയർ ക്ളാർക്ക് | 24-04-2018 | ഓഫീസിൽ ഹാജരാകാത്ത ദിവസവും വേതനം അനുവദിച്ചിരിക്കുന്നു |
| ജി.ജറുസൻ | ഹെഡ്ക്ലാർക്ക് | 30-09-18,01-10-18, 8-10-18,9-10-18,10-10-18 | ഓഫീസിൽ ഹാജരാകാത്ത ദിവസവും വേതനം അനുവദിച്ചിരിക്കുന്നു |
| കെ.വിജയകുമാർ | അക്കൗണ്ടന്റ് | 9-10-18 | ഓഫീസിൽ ഹാജരാകാത്ത ദിവസവും വേതനം അനുവദിച്ചിരിക്കുന്നു |
| കെ.ജ്യോതി | ഓഫീസ് അറ്റൻഡർ | 5-11-18,21-11-18,22-11-18, 23-11-18,24-11-18,11-12-18, | ഓഫീസിൽ ഹാജരാകാത്ത ദിവസവും വേതനം അനുവദിച്ചിരിക്കുന്നു |

| | | | |
|---|---|---|---|
| | | 12-12-18,13-12-18,<br>14-12-18,15-12-18,22-12-18,<br>28-12-18,29-12-18,30-12-18<br>(ഞായറാഴ്ച),31-12-18 | |
| ലാൽ കെ.ജി | അക്കൗണ്ടന്റ് | 02-02-2019 | ഓഫീസിൽ ഹാജരാകാത്ത ദിവസവും വേതനം അനുവദിച്ചിരിക്കുന്നു |

ജിവനക്കാർ ഓഫീസിൽ ഹാജരാകാത്ത ദിവസവും വേതനം അനുവദിച്ചിരിക്കുന്നത് ക്രമവിരുദ്ധമാണ് .ഒന്നുകിൽ നിയമാനുസൃതമായ അവധിയായി ക്രമീകരിക്കുകയോ അനധികൃതമായി അനുവദിച്ച് നൽകിയ വേതനം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.ഭരണവകുപ്പ് ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-16 വിവിധ വകുപ്പുകളിൽനിന്ന് ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്

വിവിധ വകുപ്പുകളിൽനിന്ന് ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി 2018-19ലെ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 320100115 | സംപൂർണ്ണ ശുചിത്വം | 1200000 |
| 2 | 320200103 | കോർപ്പസ് ഫണ്ട് | 14039041 |
| 3 | 320200322 | ശുചിത്വ മിഷൻ | 449752 |
| 4 | 320200311 | പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 154270 |
| 5 | 320300102 | ജലനിധി | 4784372 |

| | | | |
|---|---|---|---|
| 6 | 320300199 | സ്പെഷ്യൽ പർപ്പസ് ഗ്രാന്റ് | 1327038 |
| 7 | 320700104 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3845319 |
| 8 | 320700210 | ജില്ലാ പഞ്ചായത്ത് വിഹിതം | 900638 |

### 1-17 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ - മുതൽക്കൂട്ടിയില്ല

ഇ.എം.ഡി, വാടക ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയ ഇനത്തിൽ തൻവർഷം ₹14,56,806/- ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ളതായി കാണുന്നു.നിക്ഷേപിച്ച തുകകൾ തിരികെ ലഭിക്കുന്നതിനായി മൂന്ന് വർഷത്തിനുള്ളിൽ അവകാശം ഉന്നയിച്ചില്ലെങ്കിൽ ആയത് കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ വർഷം തിരിച്ചുള്ള തുക കണക്കാക്കി ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ടിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം₹13,58,136/-ആണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.ഡി.സി.ബി കൃത്യമായി തയ്യാറാക്കി കാലഹരണപ്പെട്ടതുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. രജിസ്റ്ററിലെയും വാർഷിക കണക്കിലെയും നീക്കിയിരിപ്പ് തുകയിലെ വ്യത്യാസത്തിന് വിശദീകരണം നല്കേണ്ടതാണ്.

### 1-18 വാഹന വാടക - സർക്കാർ പരിധിയിലും അധികം നല്കി

ഗ്രാമപഞ്ചായത്തുകൾക്ക് അടിയന്തിര ഔദ്യോഗിക ആവശ്യങ്ങൾക്കായി വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള പ്രതിവർഷ ചെലവ് പരിധി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2012-ലെ ജി.ഒ.(ആർടി)2493/2012 നമ്പർ ഉത്തരവ് പ്രകാരം ₹75,000/-യാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷം പ്രസ്തുത പരിധി പാലിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. വാഹനവാടകയായി തൻവർഷം ചെലവഴിച്ചത് ₹1,86,880/-യാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 10 പട്ടികവർഗ്ഗ കുടികളുണ്ട്. പത്ത് മുതൽ ഇരുപത് വരെ കിലോമീറ്റർ അകലെയുള്ള വനമേഖലകളിൽ സ്ഥിതി ചെയ്യുന്ന ടി ഊരുകളിലേക്ക് ഏറെ പരിമിതമായ ഗതാഗത സൗകര്യമാണുള്ളത്. ജീപ്പുകൾക്ക് മാത്രമാണ് ദുർഘടവും ചെങ്കുത്തും വീതികുറഞ്ഞതുമായ കാനനപാതയിലൂടെ സഞ്ചരിക്കാൻ വനം വകുപ്പിന്റെ അനുവാദമുള്ളത്. ഗ്രാമപഞ്ചായത്ത് വക ബൊലേറോ മോഡൽ ജീപ്പിന് ഫോർ വീൽ എഞ്ചിൻശേഷി ഇല്ലാത്തതിനാൽ ഇവിടേയ്ക്കുള്ള യാത്രകൾക്ക് ഉപയോഗിക്കാൻ കഴിയില്ല. ദൈനംദിന പ്രവർത്തനങ്ങളുടെയും വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെയും ഭാഗമായി ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പ്രസ്തുത ഊരുകൾ അടിക്കടി സന്ദർശിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ വാഹനം വാടകയ്ക്ക് എടുക്കുകയല്ലാതെ മറ്റ് നിവൃത്തിയില്ലാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നും ആയതിനാലാണ് സർക്കാർ പരിധി ലംഘിച്ചതെന്നും അധികൃതർ വിശദീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സവിശേഷമായ ഭൗതിക സാഹചര്യം വിലയിരുത്തിയാൽ ടി വാദഗതി പരിഗണനാർഹമെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പരിധി ലംഘിക്കുന്ന നടപടി അഭികാമ്യമല്ല. ആകയാൽ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിധി വർദ്ധനവിന് അനുവാദം തേടാവുന്നതാണ്. ഭരണസമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

### 1-19 ഫയൽ ഹാജരാക്കാത്തത്

പദ്ധതി നമ്പർ- 119/18-19

പദ്ധതി- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

പദ്ധതി ചെലവ്-₹200000/-(ബ്ലോക്ക് വിഹിതം)

₹100000/-(ജില്ലാപഞ്ചായത്ത് വിഹിതം)

ആകെ ₹300000/-

തൻവർഷം ക്ഷീര വികസന ആഫീസർ നിർവ്വഹണം നടത്തിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിയ്ക്കായി ₹300000/ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ പദ്ധതി ചെലവിന്റെ ഫയലും അനുബന്ധരേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ഫയൽ ഹാജരാക്കാത്തതിനാൽ ₹300000/ -യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-20 ആശ്രയ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്.

പഞ്ചായത്തിന്റെ ആശ്രയ അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പുണ്ട്.വിശദാംശങ്ങൾ താഴെ

| അക്കൗണ്ട് നംപർ/ബാങ്ക് | നീക്കിയിരിപ്പ്(31-3-2019) |
|---|---|
| 2000002677/SCB മറയൂർ | രൂ.1961652/ |

നീക്കിയിരിപ്പ് തുക ഫലപ്രദമായി വിനിയോഗിക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-21 ജവഹർ ഭവനപദ്ധതി-പണി പൂർത്തികരിച്ചിട്ടില്ല

ജവഹർ ഭവനപദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പററിയെങ്കിലും നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.വിശദാംശങ്ങൾ താഴെ

| ഗുണഭോക്താവ് | അഡ്രസ്സ് | നല്കിയ തുക | തുക നല്കിയ ചെക്ക് നം/തിയതി |
|---|---|---|---|
| ഭഗവതി രാമസ്വാമി | മറയൂർ ഗ്രാമം | 20000 | 011043/28-4-2016 |
| ഭാഗ്യലക്ഷ്മി ഗണേശൻ | പുതച്ചിവയൽ മറയൂർ | 20000 | 011050/29-6-2016 |
| കനകരാജ് പ്രഹ്ളാദൻ | മറയൂർ ഗ്രാമം | 20000 | 011047/10-6-2016 |

| | | | |
|---|---|---|---|
| ഡി.കെ മണി | പള്ളനാട്,മറയൂർ | 20000 | 011050/29-6-16 |
| അംജിത്ത് | നിഷ ഇല്ലം,കോളനി | 20000 | 011484/28-8-2016 |
| അഗസ്ററിൻ നെഹ്റു | നാച്ചിവയൽ,മറയൂർ | 20000 | 646184/26-9-2017 |
| ലക്ഷ്മി ഹരി | രേവതി ഭവൻ,മറയൂർ | 20000 | 646192/16-3-2018 |

ആദ്യഗഡു കൈപ്പററിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കുകയോ അല്ലാത്ത പക്ഷം കൈപ്പററിയതുകതിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

### 1-22 തൊഴിലുറപ്പ് പദ്ധതി-കണക്ക് സൂക്ഷിപ്പിലെ അപാകത

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ പരിശോധിച്ചതിൽ അഡ്മിനിസ്ട്രേറ്റീവ് വരവ്-ചെലവുകൾ മാത്രമാണ് എഴുതി സൂക്ഷിക്കുന്നത് എന്നു കാണുകയുണ്ടായി. ഈ കണക്കുകളും തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ്-ചെലവ് കണക്കുകളുമായി താഴെ വിശദീകരിച്ചിട്ടുള്ള വ്യത്യാസം കാണുന്നു.

| | ക്യാഷ് ബുക്ക് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| മുന്നിരുപ്പ് | 1911 | 1911 |
| വരവ് | 688535 | 47784641<br>(688535+47096106) |
| ആകെ | 690446 | 47786552 |
| ചെലവ് | 641406 | 47737512<br>(641406+47096106) |
| നീക്കിയിരുപ്പ് | 49040 | 49040 |

തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭ്യമല്ലാത്ത അവസരങ്ങളിൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും പിന്നീട് ക്രമീകരിക്കുകയും ചെയ്യുന്നതായ തുകകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ലാത്തതും ഇലക്ട്രോണിക് ട്രാൻസ്ഫറായി ലഭിക്കുന്ന തുകകൾ വരവിലെടുക്കുന്നില്ലത്തതുമാണ് സാരമായ ഈ വ്യത്യാസത്തിന് കാരണം എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി-അവലോകനം 2018-19

**എ)ഫണ്ട് വിശകലനം**

നാളിതു വരെ ലൈഫ് ഭവന പദ്ധതിക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

| ഫണ്ടിനം | | വരവ് ₹ | ചെലവ് ₹ |
|---|---|---|---|
| തനത് | പൊതു വിഭാഗം | 3750000 | 3750000 |
| | എസ്. സി.പി | 2050000 | 2050000 |
| | റ്റി.എസ്.പി | 1600000 | 1600000 |
| ബ്ലോക്ക്പഞ്ചായത്ത് | പൊതു വിഭാഗം | 3286504 | 3286504 |
| | എസ്. സി.പി | 5188157 | 5188157 |
| | റ്റി.എസ്.പി | 5068025 | 5068025 |
| ജില്ലാപഞ്ചായത്ത് | എസ്.സി.പി | 1914780 | 1914780 |
| | റ്റി.എസ്.പി | 12810638 | 12810638 |
| ഹഡ്കോ വായ്പ | പൊതു വിഭാഗം | 10923496 | 10923496 |
| | എസ്. സി.പി | 4756504 | 4756504 |
| | റ്റി.എസ്.പി | 2600000 | 2600000 |

**ബി. ഗുണഭോക്തൃ വിശകലനം**

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം താഴെ നൽകുന്നു.

| | പൊതു വിഭാഗം | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 120 | 115 | 212 | 447 |
| പണി തുടങ്ങാത്തത് | 3 | 1 | 11 | 15 |
| തുടങ്ങിയത് | 0 | 0 | 0 | 0 |
| തറ തീർന്നത് | 4 | 3 | 54 | 61 |

| | | | | |
|---|---|---|---|---|
| ലിന്റൽ തീർന്നത് | 7 | 13 | 87 | 107 |
| മേൽക്കൂര തീർന്നത് | 96 | 94 | 37 | 227 |
| പണി തീർന്നത് | 10 | 4 | 23 | 37 |

ലൈഫ് ഭവനപദ്ധതിയിൽ പൊതുവിഭാഗത്തിൽപ്പെട്ട 10ഉം, എസ്.സി വിഭാഗത്തിൽപ്പെട്ട 4 ഉം , എസ്.റ്റി വിഭാഗത്തിൽപ്പെട്ട 23ഉം ഉൾപ്പെടെ ആകെ 37 ഗുണഭോക്താക്കൾ വീട്ടുപണി പൂർത്തിയാക്കിയതായി റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്തൃരജിസ്റ്ററിൽ വീട്ടുപണിപൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃരജിസ്റ്ററിൽ പ്രവൃത്തി ആരംഭിച്ച തീയതി ,എഗ്രിമെന്റ് വിവരങ്ങൾ ,വിവിധ ഗഡുക്കൾ ധനസഹായം നൽകിയതിന്റെ വിവരം, പ്രസക്തമായ മറ്റ് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഗുണഭോക്തൃ രജിസ്റ്റർ യഥാവിധി തയ്യാറാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഫയലിൽ ഗുണഭോക്താവിന്റെ അപേക്ഷ ,എഗ്രിമെന്റ് ,പണി ആരംഭിക്കുന്നതിനുമുൻപ് ഉള്ള ഫോട്ടോ, പണിതീർന്നതിനുശേഷമുള്ള ഫോട്ടോ,മോണിട്ടറിംഗ് സമിതി റിപ്പോർട്ട്,സ്റ്റേജ് പരിശോധനാ റിപ്പോർട്ട് മുതലായ വിവരങ്ങളും ഉൾപ്പെടുത്തി സൂക്ഷിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭരണ സമിതിയുടെയും പ്രത്യേകശ്രദ്ധ ഉണ്ടാകേണ്ടതാണ്.

### 1-24 എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്

### 1-25 ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/2009/ത.സ്വ.ഭ.വ. പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-26 എസ്.എസ്.എ. വിഹിതം - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല.

2018-19-ൽ സെക്രട്ടറി നടപ്പാക്കിയ എസ്.സ്.എ. വിഹിതം നൽകൽ എന്ന പദ്ധതികൾ പ്രകാരം പഞ്ചായത്ത് വിഹിതമായി ₹600000/- നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ബിൽ നം./തീയതി | തുക |
|---|---|---|---|
| 1 | എസ്.സ്.എ. വിഹിതം (ജനറൽ) | ബിൽ നം.5/18-19/21.7.18 | 200000/- |
| 2 | എസ്.സ്.എ. വിഹിതം (എസ്.സി.പി) | ബിൽ നം.6/18-19/21.7.18 | 200000/- |
| 3 | എസ്.സ്.എ. വിഹിതം (റ്റി. എസ്.പി) | ബിൽ നം.7/18-19/21.7.18 | 200000/- |
| | | **ആകെ** | **600000/-** |

ഈ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ തുകയുപയോഗിച്ച് ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും എത്ര തുക ചലവഴിച്ചതെന്നും തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആ വിവരവും ലഭ്യമാക്കേണ്ടതാണ്.

## ഭാഗം 2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

-ഇല്ല-

## ഭാഗം 3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

-ഇല്ല-

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 22.05.2019,23.05.2019 | കെ.എസ്. എ.ഐ.ഡി.കെ.3/520 (6) തി.14.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (2017-2018) | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 2018-2019 | 14725418 | ഭവന നിർമ്മാണം (റ്റി എസ്.പി) | 13824780 | 900638 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | | | ഭവന നിർമ്മാണം | 100000 | 0 |
| | | 2018-2019 | 2436504 | ഭവന നിർമ്മാണം (ജനറൽ) | 2436504 | 0 |
| | | 2018-2019 | 6038151 | ഭവന നിർമ്മാണം (എസ്.സി.പി | 6038151 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 2018-2019 | 5268525 | ഭവന നിർമ്മാണം (റ്റി.എസ്.പി) | 1423206 | 3845319 |
| | | 2018-2019 | 300000 | പാലിന് സബ്സിഡി | 300000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പാ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ലോൺ വിശദാംശങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല.വാർഷിക കണക്ക് പ്രകാരം തൻവർഷം സഹകരണബാങ്കിൽ നിന്നും ₹2180000/-ജവഹർ ഭവന പദ്ധതിക്കായും കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും ₹18314370/-ലൈഫ് പദ്ധതിക്കായും വരവ് ഉണ്ട്. വർഷാവസാനം യഥാക്രമം ₹7524400/-യും ₹18314370/-യും വായ്പാ ഇനത്തിൽ പ്രസ്തുത അക്കൗണ്ടുകളിൽ തിരിച്ചടക്കുവാൻ അവശേഷിക്കുന്നു. ലോൺ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹1398/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-1997 | 31 | 362 | ശ്രീ.വി.ആർ.കരുണാകരൻ, സെക്രട്ടറി | 118050100543/10.05.18 |
| 1996-1997 | 34 | 75 | 'ടി | 118050100544/10.05.18 |
| 1996-1997 | 40 | 337 | ടി | 118050100546/10.05.18 |

| | | | | |
|---|---|---|---|---|
| | | | | |
| 1997-1998 | 22 | 350 | ശ്രീ.ഫ്രാൻസിസ് ജോക്കബ്,പി.റ്റി.എസ് | 118050100616/19.05.18 |
| 1997-1998 | 21 | 95 | ശ്രീ.എ.വർഗ്ഗീസ്,സെക്രട്ടറി | 118050100673/24.05.18 |
| 1997-1998 | 27 എ | 179 | ടി | 118050100674/24.05.18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ട് ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2006-07<br>2.5 | 2009-10 | 2-6 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം ₹58,260/- | തുടരുന്നു |
| 2 | 2014-15<br>2.3 | 2016-17 | അനുബന്ധം- 3 | വസ്തുനികുതി അപാകതകൾ | |

## 4-9 ചാർജ് / സർച്ചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടികളുടെ വിവരം

ഇല്ല

(ബി) സർച്ചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | സർട്ടിഫിക്കറ്റ് നം. | | സ്വയം അടവാക്കിയ തുക, രസീത് നം. തീയതി | റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയ തുക ₹ | കോടതി വ്യവഹാരങ്ങൾ ₹ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 1996-97 | 31,34, 36, 47(2) | വി.ആർ. കരുണാകരൻ സെക്രട്ടറി | LF/1989/ Spl. cell/ SC2/ 2000 dt. 16-08-01 | 7349+ interest for 6912@18% | | | | | | 7349+ interest for 6912@ 18% | |
| 2 | 1998-99 | 36 | എ.വർഗ്ഗീസ്, സെക്രട്ടറി | LF/16860/ Spl. cell/ SC2/02 dt. 06-05-03 | 2500 | | | | | | 2500 | |
| 3 | 2000-01 | 27 | എ.വർഗ്ഗീസ്, സെക്രട്ടറി | LF/8987/ Spl.cell/ SC2/04 dt. 30.04.05/ 01.06.05 | 923 | | | | | | 923 | |
| 4 | 2002-03 | 3-6 | ഇ.കെ.രവി സെക്രട്ടറി | LF/10180/ Spl.cell/ SC2/06 dt.13.02.07/ 16.03.2007 | 1067 | | | | | | 1067 | |
| 5 | 2003-04 | 3-7 | കെ.ശശിധരൻ സെക്രട്ടറി | LF/19648/ Spl.cell/ SC2/07 | 6922 | | | | | | 6922 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | dt.27.01.10 | | | | | | | | |
| 6 | 2005-06 | 3-4 (part) | ജോയി തോമസ് അസി. എഞ്ചിനിയർ. | LF/2112/ Spl.cell/ SC2/09 of 16-04-11 | 1189 | 2378/- Rt.No. 11305100701/ 31-10-13 | | | | | 0 | |
| 7 | 2005-06 | 3-4 (part) | കെ. മോഹൻ ബാബു എക്സിക്യൂട്ടീവ് എഞ്ചിനിയർ | LF/2112/ Spl.cell/ SC2/09 of 16-04-11 | 1189 | | | | | | 1189 | |
| 8 | 2009-10 | - 3-11 | എസ് രാജേന്ദ്രൻ അസി. എക്സികട്ടീവ് എഞ്ചിനിയർ | LF/8728/ Spl.cell/ CSC/C1/ 14(2) of 05-09-16 | 13914 | | | | | | 13914 | |
| 9 | 2009-10 | 3-6 & 3-7 (part) | എസ്. കെ. ശ്രീനിവാസൻ നായർ സെക്രട്ടറി | LF/8728/ Spl.cell/ CSC/C1/ 14(1) of 05-09-16 | 45192 | | | | | | 45192 | |
| 10 | 2011-12 | 3-1 | സി. ശശീന്ദ്രൻ സെക്രട്ടറി | KSA/7771/ Spl.cell/ CSC/C1/ 2015 | 131044 | | | | | | 131044 | |
| 11 | 2011-12 | 3-2 | യേശുദാസ് എക്സ്. | KSA/7771/ Spl.cell/ CSC/C1/ 2015 | 30680 | | | | | | 30680 | |
| 12 | 2012-13 | 3-1<br>3-2<br>3-8 | പി. എ. അനീബാക്കുട്ടി, സെക്രട്ടറി | KSA/ IDK/14/ 1296/15/ | 472509<br>123386<br>5517 | | | | | | 472509<br>123386<br>5517 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | 30-11-15 | | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹129557423 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹116095468 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹300000 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖ.നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 300000 | ശ്രീമതി.ശ്രീലത വി.സി,ക്ഷീരവികസന ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നം:- 1-13,1-15

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.ശ്രീലത വി.സി, ക്ഷീരവികസന ഓഫീസർ | ലഭ്യമല്ല | പടിഞ്ഞാശേരിൽ. മേത്തല പി.ഒ, എറണാകുളം ജില്ല. പിൻ-683545 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1968-69 | എൽ.എഫ്.ഐ.7-12/98<br>തീ.20.10.1997 | | |
| 1970-71 | എൽ.എഫ്.ഐ.7-12/98<br>തീ.20.10.1997 | | |
| 1971-72 | എൽ.എഫ്.ഐ.7-12/98<br>തീ. 20.10.1997 | | |
| 1973-74 | എൽ.എഫ്.ഐ.7-12/98<br>തീ. 20.10.1997 | | |
| 1975-76 | എൽ.എഫ്.ഐ.7-12/98<br>തീ.20.10.1997 | | |
| 1976-77 | എൽ.എഫ്.ഐ.7-12/98<br>തീ. 20.10.1997 | | |
| 1977-78 | എൽ.എഫ്.ഐ.7-12/98<br>തീ. 20.10.1997 | | |
| 1978-79 | എൽ.എഫ്.ഐ.7-12/98<br>തീ. 20.10.1997 | | |
| 1980-81 | എൽ.എഫ്.ഐ.6-236/82<br>തീ. 10.07.82 | | |

| | | | |
|---|---|---|---|
| 1981-82 | എൽ.എഫ്.ഐ.6-542/82<br>തീ. 20.01.83 | | |
| 1983-84 | എൽ.എഫ്.ഐ.6-275/84<br>തീ. 26.9.86 | | |
| 1985-86 | എൽ.എഫ്.ഐ.6-1/91<br>തീ. 15.01.91 | | |
| 1986-87 | എൽ.എഫ്.ഐ.6-1152/90<br>തീ. 08.03.91 | | |
| 1987-88 | എൽ.എഫ്.ഐ.6-236/92<br>തീ. 17.06.93 | | |
| 1988-89 | എൽ.എഫ്.ഐ.6-760/92<br>തീ. 17.06.93 | | |
| 1989-90 | എൽ.എഫ്.ഐ.6-760/92<br>തീ. 17.06.93 | | |
| 1990-91 | എൽ.എഫ്.ഐ.6-67/94<br>തീ. 30.03.94 | | |
| 1991-92 | എൽ.എഫ്.ഐ.6-67/94<br>തീ. 30.03.94 | | |
| 1992-93 | എൽ.എഫ്.ഐ.6-94/95<br>തീ. 20.03.95 | | |
| 1993-94 | എൽ.എഫ്.ഐ.6-94/95<br>തീ. 20.03.95 | | |
| 1994-95&<br>1995-96 | എൽ.എഫ്.ഐ.7-660/97<br>തീ. 24.02.98 | 26 | 3 മുതൽ 8 വരെ, 10 മുതൽ 13 വരെ,<br>15 മുതൽ 30 വരെ |
| 1996-97 | എൽ.എഫ്.ഐ.7-660/97<br>തീ. 24.02.98 | 19 | 5,17,31, 34, 36, 37, 38 (എ, ബി, സി),<br>39 മുതൽ 47 വരെ |

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.ഐ.9/551/99/10.03.2000/ 30.06.2000 | 18 | 1, 3, 4, 7, 8, 11,12, 13, 17, 19 മുതൽ 27 വരെ |
| 1998-99 | എൽ.എഫ്.ഐ.7-624/00 തീ. 05.03.01 | 18 | 21 മുതൽ 26 വരെ, 27(എ), 28 മുതൽ 38 വരെ |
| 1999-00 | എൽ.എഫ്.ഐ.9-363/01 തീ. 30.11.01 | 4 | 9, 19-1, 20, 22 |
| 2000-01 | എൽ.എഫ്.ഐ.9-691/02 തീ. 17.03.02 | 12 | 8, 9,23, 24, 27 മുതൽ 34 വരെ |
| 2001-02 | എൽ.എഫ്.ഐ.9-627/03 തീ. 30.01.04 | 7 | 2-1 മുതൽ 2-6 വരെ 3-19 |
| 2002-03 | എൽ.എഫ്.ഐ.9-2/05 തീ. 01.03.05 | 12 | 2-1, 3-1 മുതൽ 3-9 വരെ , 4-8, 4-9 |
| 2003-04 | എൽ.എഫ്.ഐ.9-912/09 തീ. 26.10.09 | 13 | 2-1 മുതൽ 2-5 വരെ 3-1 മുതൽ 3-7 വരെ, 4-3 |
| 2004-05 | എൽ.എഫ്.ഐ.14-1226/12 തീ. 05.11.12 | 7 | 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ, 4-3 |
| 2005-06 | എൽ.എഫ്.ഐ.14-1220/12 തീ. 08.12.12 | 9 | 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-4 വരെ, 4-3 |
| 2006-07 | എൽ.എഫ്.ഐ.14-357/11 തീ. 01.11.11 | 10 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-5 വരെ |
| 2007-08 | എൽ.എഫ്.ഐ.9-330/10 തീ. 15.07.11 | 22 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-18 വരെ |
| 2008-09 | എൽ.എഫ്.ഐ.14-979/11 തീ. 12.12.11 | 15 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-8 വരെ |
| 2009-10 | എൽ.എഫ്.ഐ.14-720/12 തീ. 12.04.13 | 11 | 2-1 മുതൽ 2-5 വരെ<br>3-1 മുതൽ 3-4 വരെ, |

| | | | |
|---|---|---|---|
| | | | 3-6 മുതൽ 3-15 വരെ |
| 2010-11 | എൽ.എഫ്.ഐ.14-721/12<br>തീ. 05.02.13 | 11 | 2-1, 2-2 3-1 മുതൽ<br>3-9 വരെ |
| 2011-12 | എൽ.എഫ്.ഐ.14-1498/13<br>തീ.11.07.14 | 14 | 2-1, 2-2 3-1 മുതൽ<br>3-12 വരെ |
| 2012-13 &<br>2013-14 | എൽ.എഫ്.ഐ.14-336/13<br>തീ. 27.07.15/<br>20.06.15/09.07.15 | | 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-12<br>വരെ, 3-14, 4-1, 4-4 |
| 2014-15 | നം. കെ.എസ്.എ./ഐ.ഡികെ/<br>14/1014/2016<br>തീയതി. 28.07.2016 | 12 | 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-9 വരെ |
| 2015-16 | നം.കെ.എസ്.എ-ഐ.ഡി.കെ.<br>14/1561/2016<br>തീയതി. 11.11.2016 | 12 | 2-1, 3-1 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ.<br>8/1249(1)/2018<br>തീയതി. 09.02.2018 | 23 | ഭാഗം-1, 2-1, 2-2,<br>2-3, 2-4, 2-5, 3-1, |
| 2017-18 | നം.കെ.എസ്.എ.ഐ.ഡി.കെ.<br>8/93/2019തീയതി. 28.02.2019 | 14 | 1-5,1-6,1-12,2-1,2-2,<br>3-1,3-2,3-3,3-4,3-5, 3-8,3-10,3-11,4-7 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-ഐ.ഡി.കെ-14/262/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
ഇ-മെയിൽ : doidk.ksad@kerala.gov.in
തീയതി.25.05.2020

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും 22.05.2018ലെ(സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, **ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19ലെ** വാർഷിക ധനകാര്യ പത്രിക, കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## Annexure – 1

## AUDIT CERTIFICATE

No.KSA-IDK-14/262/2020

Office of the Senior Deputy Director of
Kerala State Audit Department

District Office, Idukki

Thodupuzha – 685 584

Phone : 04862-227332

E-mail : doidk.ksad@kerala.gov.in
Date.25.05.2020

Certified that I have audited the Annual Financial Statement of **MARAYOOR Grama** Panchayat in **IDUKKI DISTRICT** for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **MARAYOOR Grama Panchayat** for the **2018-19**, except the observations in my Audit Report Properly presents the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI.**